# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6326      20/11/2019 - ൽ മറുപടിക്ക്

## ഇ.എസ്.ഐ. വിഹിതം നാല് ശതമാനമായി കുറക്കണമെന്ന നിർദ്ദേശം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ.അബ്ദുൽ ഹമീദ് പി.<br>ശ്രീ.എം. സി. കമറുദ്ദീൻ<br>ശ്രീ.പാറക്കൽ അബ്ദുല്ല<br>ശ്രീ.പി.കെ.ബഷീർ** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** |
| (എ) | തൊഴിലുടമാ വിഹിതം 3.25 ശതമാനവും തൊഴിലാളി വിഹിതം 0.75 ശതമാനവും എന്ന അനുപാതത്തിൽ ആകെ ഇ.എസ്.ഐ. വിഹിതം നാല് ശതമാനമായി കുറയ്ക്കണമെന്ന് കേന്ദ്ര തൊഴിൽമന്ത്രാലയം നിർദ്ദേശിച്ചിട്ടുണ്ടോ; ഇതിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ; | (എ) | 01.07.2019 മുതൽ തൊഴിലുടമകളുടെ വിഹിതം 3.25 ശതമാനവും തൊഴിലാളികളുടെ വിഹിതം 0.75 ശതമാനവും എന്ന അനുപാതത്തിൽ ആകെ വിഹിതം 4 ശതമാനമാക്കി 13.06.2019-ൽ കേന്ദ്രസർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ഇക്കാര്യത്തിലുള്ള കേന്ദ്രനയം തൊഴിലാളി വിരുദ്ധമാണെന്ന് കരുതുന്നുണ്ടോ; | (ബി) | ഇത് കേന്ദ്ര സർക്കാരിന്റെ നയപരമായ തീരുമാനമാണ്. വരുമാനത്തിൽ ഉണ്ടാകുന്ന കുറവ് കോർപ്പറേഷന്റെ ഭാവി പ്രവർത്തനങ്ങൾക്കും തൊഴിലാളി താത്പര്യങ്ങൾക്കും വിരുദ്ധമാണ്. |
| (സി) | കേന്ദ്രനയം തിരുത്തണമെന്നാവശ്യപ്പെട്ട് സംസ്ഥാന സർക്കാർ കത്തയച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കത്തിന് മറുപടി ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | ഇ.എസ്.ഐ കോർപ്പറേഷന്റെ ത്രികക്ഷി ഗവേണിംഗ് ബോഡിയുടെ ഏകകണ്ഠ തീരുമാനം അവഗണിച്ച് കേന്ദ്ര സർക്കാർ തൊഴിലുടമാവിഹിതത്തിൽ ഗണ്യമായ കുറവ് വരുത്തിയിട്ടുണ്ട്. ഈ നയം തിരുത്തണമെന്നാവശ്യപ്പെട്ട് തൊഴിലും എക്സൈസും വകുപ്പുമന്ത്രി കേന്ദ്ര തൊഴിൽ വകുപ്പ് മന്ത്രിക്ക് കത്തയച്ചിട്ടുണ്ട്. പ്രസ്തുത കത്തിന് മറുപടി ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ